# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1147 04.02.2019 ൽ മറുപടിക്ക്**

**കരുവാറ്റ പാലത്തിന് ഭരണാനുമതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) പൂന്നൂർ പുഴയ്ക്ക് കുറുകെ നിർമ്മിക്കുന്ന കരുവാറ്റ പാലത്തിന് ഭരണാനുമതി നൽകുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഇല്ല. |
| ബി) കരുവാറ്റ പാലത്തിന്റെ ഭരണാനുമതിക്കായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ;<br><br>സി) കരുവാറ്റ പാലത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനായി പുതുക്കിയ ഭരണാനുമതി നൽകുന്നതിന് എന്താണ് തടസ്സമെന്നറിയിക്കാമോ? | ബി) & സി) കരുവാറ്റക്കടവ് ജീപ്പബിൾ ബ്രിഡ്ജിന്റെ നിർമ്മാണത്തിനായി മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി നമ്പർ 1185/09/പൊമവ തീയതി 14.08.2009 സീരിയൽ നമ്പർ 59 പ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ സാങ്കേതികാനുമതിക്കായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഭരണാനുമതി ലഭിച്ചതിനേക്കാൾ തുക കൂടുതലായി വന്നു. ആയതിനാൽ കത്ത് നമ്പർ CE/R&B/KKD/2016/5287/PRICE തീയതി 01.11.2017 പ്രകാരം 210 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിലേയ്ക്ക് ഭരണാനുമതിയ്ക്കായി ലഭ്യമായി ആയത് പരിശോധിച്ചു വരുന്നു. 2018-19 വർഷത്തെ ബഡ്ജറ്റിൽ ഈ പ്രവൃത്തിയ്ക്ക് വാല്യം രണ്ട് ക്രമനമ്പർ 3407 പ്രകാരം 100 രൂപ ടോക്കൺ പ്രൊവിഷൻ ഉണ്ട്. 5054-04-101-98 എന്ന ശീർഷകത്തിലാണ് ഈ പ്രവൃത്തി ഉൾപ്പെടുത്തിയിരിക്കുന്നത്. പരിശോധനയുടെ ഭാഗമായി ടി പ്രൊപ്പോസലിൻമേൽ ആവശ്യപ്പെട്ട |

ചില വിവരങ്ങൾ ലഭ്യമാകുവാനുണ്ടായ കാലതാമസവും, ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രമുള്ള പാലം പ്രവൃത്തികൾക്ക് പ്രൊപ്പോസലുകൾ ഈ സാമ്പത്തിക വർഷം അവസാനത്തോടെ മാത്രമേ പരിഗണിക്കാൻ കഴിയൂ എന്നതിനാലുമാണ് കാലതാമസം നേരിടുന്നത്.

S. Binsh

സെക്ഷൻ ഓഫീസർ